പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1726 — 03.10.2011 ൽ മറുപടിയ്ക്ക്

കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ വായ്പ

ചോദ്യം — ഉത്തരം

ശ്രീ. പി. തിലോത്തമൻ : — ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച കെ.എസ്.എഫ്.ഇ. മുഖേനയുള്ള വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ , ഇതിന്റെ പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് എത്ര വർഷത്തിനു ശേഷം തുടങ്ങുമെന്നും അറിയിക്കാമോ ; | (എ) | കേരളത്തിനകത്തെ വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ്, മെഡിസിൻ, വെറ്ററിനറി, അഗ്രികൾച്ചർ, ഡെന്റിസ്ട്രി, ഫോറസ്ട്രി മുതലായ പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നവർക്കു വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് വിദ്യാധനം വായ്പാ പദ്ധതി. ഈ പദ്ധതി മുഖേന 50000/- രൂപ മുതൽ 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. കെ.എസ്.എഫ്.ഇ. യുടെ 350 ൽ പരം ബ്രാഞ്ചുകളിൽ കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വായ്പ ആവശ്യമുള്ള വിദ്യാർത്ഥികൾ അവരുടെ താമസസ്ഥല ത്തിനടുത്തുള്ള ബ്രാഞ്ചിൽ കൂടിയാണ് അപേക്ഷിക്കേണ്ടത്. 10 രൂപ ഫീസ് അടച്ചാൽ അപേക്ഷാ ഫോറവും, അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ വിശദാംശങ്ങളും ലഭ്യമാകും.<br><br>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വാർഷിക വരുമാനം 1 ലക്ഷം രൂപയ്ക്ക് താഴെയുള്ളവർക്ക് 12 % ആണ് പലിശ നിരക്ക് എങ്കിലും 4% ഗവൺമെന്റ് സബ്സിഡി നൽകുന്നതിനാൽ പലിശ നിരക്ക് 8% ആയിരിക്കും. മറ്റുള്ളവർക്ക് 13.5% ആണ് പലിശ നിരക്ക്. കൃത്യമായി തിരിച്ചടക്കുന്നവർക്ക് 1% ഇളവ് അനുവദിക്കുന്നതാണ്.<br>ലോൺ തിരിച്ചടവ് തുടങ്ങുന്നത് കോഴ്സ് കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞോ അല്ലെങ്കിൽ ജോലി കിട്ടി അടുത്ത മാസമോ ഏതാണ് മുമ്പ് വരുന്നത് ആ മാസമാണ്. വായ്പ തിരിച്ചടവ് കാലാവധി അഞ്ചു വർഷമാണ്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.എഫ്.ഇ.യിലൂടെ സാധാരണ ലഭിക്കുന്ന വായ്പയിൽ നിന്നും ഇതിനുള്ള വ്യത്യാസമെന്തെന്നും ഇതിന് സെക്യൂരിറ്റിയായി എന്തെല്ലാമാണ് കെ.എസ്.എഫ്.ഇ.യ്ക്ക് നൽകേണ്ടതെന്നും വ്യക്തമാക്കാമോ ; | (ബി) | ഈ വായ്പ ഒരു ദീർഘകാല വായ്പയാണ്. കെ.എസ്.എഫ്.ഇ.യിലെ മറ്റു വായ്പകൾക്ക് വായ്പ നൽകി അടുത്ത മാസം മുതൽ തിരിച്ചടവ് തുടങ്ങുമ്പോൾ ഈ വായ്പയിൽ കോഴ്സ് കഴിഞ്ഞിട്ടാണ് തിരിച്ചടവ് തുടങ്ങുന്നത്. ഈ വായ്പയ്ക്ക് ജാമ്യമായി എല്ലാ സർക്കാർ അർദ്ധ സർക്കാർ ജീവനക്കാരും കെ.എസ്.എഫ്.ഇ അംഗീകരിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരും അടങ്ങുന്ന വ്യക്തിഗത ജാമ്യം, വസ്തു ജാമ്യം, സ്വർണ്ണാഭരണം, എൽ.ഐ.സി. പോളിസി, കെ.എസ്. എഫ്.ഇ യുടേയും മറ്റു അംഗീകൃത ബാങ്കുകളുടെയും ഫിക്സഡ് ഡെപ്പോസിറ്റ്, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, കിസാൻ വികാസ് പത്ര, ബാങ്ക് ഗ്യാരണ്ടി, കെ.എസ്.എഫ്.ഇ യുടെ ചിട്ടി പാസ്സ് ബുക്ക് മുതലായവ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത വിദ്യാഭ്യാസ വായ്പാ പദ്ധതിക്കു വേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.യ്ക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ; | (സി) | ഈ പദ്ധതിയുടെ ചെലവിനായുള്ള 30 കോടി രൂപ കെ.എസ്.എഫ്.ഇ. യാണ് വഹിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പലിശയിനത്തിൽ 4% ഗവൺമെന്റ് സബ്സിഡി നൽകുന്നു. |
| (ഡി) | ഏതെല്ലാം കോഴ്സുകൾക്കാണ് ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നത് എന്നും നഴ്സിംഗ് കോഴ്സുകൾക്ക് ഈ വായ്പ ലഭിക്കുമോ എന്നും അറിയിക്കാമോ. | (ഡി) | എഞ്ചിനീയറിംഗ്, മെഡിസിൻ, വെറ്ററിനറി, അഗ്രികൾച്ചർ, ഡെന്റിസ്ട്രി, ഫോറസ്ട്രി, എം.ബി.എ, എം.സി.എ. തുടങ്ങിയ ശാഖകളിലും സമാനമായ മറ്റു പ്രൊഫഷണൽ കോഴ്സുകൾക്കും എൻ സി ഇ ആർ റ്റി / എ ഐ സി റ്റി ഇ എന്നീ അതോറിറ്റികൾ അംഗീകരിച്ച കോഴ്സുകൾക്കുമാണ് ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നത് . നഴ്സിംഗ് മേഖലയിൽ അംഗീകൃത സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് നിബന്ധനകൾക്ക് വിധേയമായും വായ്പ അനുവദിക്കുന്നു. |
| (ഇ) | ഈ വായ്പാ പദ്ധതി പ്രകാരം 5 ലക്ഷം രൂപ വായ്പയെടുക്കുന്ന ഒരു വിദ്യാർത്ഥി അഞ്ച് വർഷം കഴിഞ്ഞ് തിരിച്ചടവ് തുടങ്ങുമ്പോൾ എത്ര രൂപ പ്രതിമാസം തിരിച്ചടയ്ക്കണം എന്ന് വ്യക്തമാക്കാമോ ? | (ഇ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 9% നിരക്കിൽ കണക്കാക്കുമ്പോൾ 10138/- രൂപയും മറ്റുള്ളവർക്ക് 13.5 % നിരക്കിൽ കണക്കാക്കുമ്പോൾ11378/- രൂപയുമാണ് മാസ തവണ തിരിച്ചടവ്. |

Chandni/2

**സെക്ഷൻ ഓഫീസർ**